റോഡുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് കരാറുകൾ

47 [628] *ശ്രീ. പി. സി. ജോർജ്ജ്:*

,, *എ. സി. മൊയ്തീൻ:*

,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 2001-നുശേഷം എന്തെങ്കിലും കരാറുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; ആർക്കൊക്കെയാണ് കരാറുകൾ നൽകിയിട്ടുള്ളത്;

(ബി) കരാർ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് കരാർ നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നുവോ; എത്ര സൈൻ ബോർഡുകൾ സ്ഥാപിക്കാനാണ് കരാർ നൽകിയത്;

(ഡി) സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതുമൂലം സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്രയാണ്?

ഉത്തരം

(എ) ദേശീയപാതയിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനായി M/s. SARDE, വഴുതക്കാട്, തിരുവനന്തപുരം എന്ന കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ താഴെ പറയുന്ന കമ്പനികൾക്കാണ് സൈൻ ബോർഡുകൾ വയ്ക്കുന്നതിന് കരാർ നൽകിയിട്ടുള്ളത്.

16-8-2002-ൽ കൃപാ അസോസിയേറ്റ്സ്, കൊച്ചി.

1-4-2003-ൽ സൺ അഡ്വർട്ടൈസിംഗ് കമ്പനി, എറണാകുളം.

20-10-2004-ൽ 'ടി' സ്ക്വയർ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി.

20-10-2004-ൽ ആട്ടോപ്ലാസ്, തിരുവനന്തപുരം.

(ബി) കരാറിന്റെ വ്യവസ്ഥകൾ അനുബന്ധമായി വയ്ക്കുന്നു.†

(സി) ദേശീയപാത കരാർ നൽകുന്നതിന് ടെണ്ടർ വിളിച്ചിരുന്നു. ഇതുവരെ 89.60 ലക്ഷം രൂപയുടെ സൈൻ ബോർഡുകളും സിഗ്നൽ ബോർഡുകളും

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചിട്ടുണ്ട്. റോഡുകളും പാതകളും വിഭാഗത്തിൽ ടെണ്ടർ ക്ഷണിച്ചിരുന്നില്ല. പ്രധാനമായും 6 എണ്ണം സ്ഥാപിക്കുവാൻ കരാർ നൽകിയിരുന്നു.

(ഡി) B.O.T. വ്യവസ്ഥയിലും കേന്ദ്ര ഫണ്ടിൽ നിന്നുമാണ് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നത്. അതിനാൽ വരുമാനം ലഭ്യമല്ല.

മേജർ ഡിസ്ട്രിക്റ്റ് റോഡ് വികസനം

48 [629] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ അദർ ഡിസ്ട്രിക്റ്റ് റോഡുകളെയും മേജർ ഡിസ്ട്രിക്റ്റ് റോഡാക്കി മാറ്റുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മേജർ ഡിസ്ട്രിക്റ്റ് റോഡ് ആയി മാറ്റുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ മേജർ ഡിസ്ട്രിക്റ്റ് റോഡായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള റോഡുകളെ എം.ഡി.ആർ. നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മിക്കവാറും എല്ലാ അദർ ഡിസ്ട്രിക്റ്റ് റോഡുകളും ഇതിനകംതന്നെ മേജർ ഡിസ്ട്രിക്റ്റ് റോഡുകളാക്കി ഉയർത്തിക്കഴിഞ്ഞിട്ടുണ്ട്.

(ബി) രണ്ട് സ്റ്റേറ്റ് ഹൈവേകളെയോ ദേശീയ പാതകളേയോ ബന്ധിപ്പിക്കുന്ന റോഡുകൾ, റോഡ് കടന്നുപോകുന്ന സ്ഥലങ്ങളുടെ പ്രാധാന്യം, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, ഗവൺമെന്റ് ആഫീസുകൾ എന്നിവയെല്ലാം സമിതി ചെയ്യുന്നവയാണോ എന്നിങ്ങനെയുള്ള കാര്യങ്ങളും പരിഗണിക്കാറുണ്ട്. കൂടാതെ ട്രാഫിക് നിരക്കും കണക്കിലെടുക്കാറുണ്ട്.

(സി) എം. ഡി. ആർ. നിലവാരത്തിലേക്ക് ഉയർത്തണമെങ്കിൽ വളരെയധികം സാമ്പത്തിക ബാദ്ധ്യത വരും. എന്നിരുന്നാലും അറ്റകുറ്റപ്പണികളെങ്കിലും ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കുവാനാണ് പ്രഥമ പരിഗണന നൽകുന്നത്. ഘട്ടം ഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പണികൾ ഏറ്റെടുത്ത് എം.ഡി.ആർ. നിലവാരം കൈവരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

[11-7-2005 –ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 47 (628) ദയവായി കാണുക]

GENERAL TERMS AND CONDITIONS

(To be signed by the bidder and attached along with the financial Bid)

1. The contractor shall obtain from the manufacturer of retro reflective sheeting a seven year warranty in original for satisfactory filed performance including stipulated retro reflectance of the retro reflective sheeting to be used and submit the same.

2. In addition a seven year warranty for satisfactory in-field performance of the finished sign with the retro reflective sheeting to be used inclusive of the screen printed or cut outletters/legends, transparent films and their bouding to the retro reflective sheeting shall be obtained from the contractor/supplier and submitted.

3. The contractor shall also furnish a certificate that the signs and materials supplied against the assigned work meets all the stipulated requirements and carry the stipulated warranty.

4. The warranty shall also cover the replacement obligation by the sheeting manufacturer as well as contractor for replacement/repairing/ restoration of the retro reflective efficiency.

5. A lot certificate in original from the manufacturer of retro sheeting stating that the meterial for being supplied under the purchase order conforms to the standards for specified retro reflective sheeting and is part of the original warranty.

6. Processed and applied in accordance with the recommended procedures the retro reflective materials shall be weather resistant and following the cleaning shall show no appreciable discoloration, cracking, blistering or dimensional change and shall not have less than 50% of the specified minimum reflective intensity values (Table 1) when subjected to accelerated outdoor weathering for 36 months using type E or EH Weatherometer (AASHTO Designation M 268).

LIBRARY ARCHIVES Kerala Legislative Assembly

7. All signs shall be dated during fabrication with indelible marking to indicate the start of warranty. Warranty should be given in original and should have legal jurisdiction in India. Warranty given by power of attorney holders will not be acceptable.

8. Without excessive joints, the contractor should submit a sample signboard with the material which he is planning to supply, of minimum size 100 cm X 90 cm.

9. The pre-qualification warranty certificates, lot and final warranty certificate should be in original duly attested by representatives of the manufacturers. Agents/authorized representatives, representing principals by way of power of attorney shall not qualify to the status of that of the manufacturer.

10. The pre-qualification guarantee certificate, Warranty certificate, Test certificates required (noted as item no. 1, 2, 4 & 6 above) and sample (noted as item no. 8 above) shall be the part of bid document while submitting the opening bid. As these certificates may be considered for pre-qualifying the contractor/manufacturer, any bid without these pre-qualifying certificates will be summarily rejected.

SPECIAL CONDITIONS OF CONTRACT FOR RAISED PAVEMENT MARKER (ROAD STUD)

1. The manufacturer of Raised pavement marker should mandatory submit along with the tender bid the test certificate from an independent laboratory for having tested the raised pavement marker lens for visual observation and co-efficient of luminous intensity in an unprotected outdoor exposure for two years and should conform to ASTM D 4280 Type 'H'.

2. Also a certificate of having tested the lens for the following tests and its having passed these tests as per specifications mentioned for this item in the tender shall be obtained from an independent

LIBRARY ARCHIVES Kerala Legislative Assembly

laboratory of repute by the manufacturer and shall be enclosed along with the bid. (1) Specific Intensity (2) Compressive strength and (3) Abrasion.

3.1 Bids with glass beads/elements shall be summarily disqualified.

3.2 A sample of the stud confirming to the specifications mentioned above shall be submitted by the bidder along with the bid document.

3.3 Any bid without any/all the above mentioned documents/ certificates/test certificates/sample shall be summarily disqualified.

Dated Signature of the Contractor

Chief Engineer. (Name/Designation of the Signatory)

(Seal)

കരാർ വ്യവസ്ഥകൾ (റോഡുകളും പാലങ്ങളും)

1. ലൈസൻസിന്റെ കാലാവധി അഞ്ചുകൊല്ലം.

2. സൈൻബോർഡിന്റെ സുരക്ഷ തീർത്തും നിർമ്മിക്കുന്ന ഏജൻസിക്കാണ്.

3. കരാർ ഏറ്റെടുത്ത ആൾ തന്നെ സൈൻ ബോർഡ് സ്വന്തം ചെലവിൽ നിർമ്മിക്കേണ്ടതും ട്രാഫിക് തടസ്സംവരാത്ത രീതിയിൽ ആയിരിക്കണം നിർമ്മിക്കേണ്ടത്.

4. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽനിന്നും രേഖാമൂലം അനുമതി വാങ്ങിയിരിക്കണം.

5. കരാറുകാരൻ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽനിന്നും സ്ഥാപിക്കേണ്ട സ്ഥലത്തെക്കുറിച്ച് അനുമതി വാങ്ങേണ്ടതാണ്.

6. സൈൻ ബോർഡ് നിർമ്മാണവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ പരിശോധനയ്ക്കും സഹായിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. സൈൻബോർഡ് സ്ഥാപിക്കുമ്പോൾ ഡ്രെയിനേജിനോ, ഗതാഗത തടസ്സമോ വരാത്ത രീതിയിൽ ആയിരിക്കണം നിർമ്മിക്കേണ്ടത്.

8. അഞ്ചുകൊല്ലത്തിനുള്ളിൽത്തന്നെ എഗ്രിമെന്റ് വച്ച് പണി പൂർത്തിയാകാത്ത പക്ഷം കരാർ കൃാൻസലാകുന്നതാണ്.

9. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

10. ബോർഡിന്റെ മെയിന്റനൻസ്, കാലവർഷ കെടുതികൾമൂലം ഉണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്ക് സർക്കാരിൽനിന്നും ധനസഹായമൊന്നും ലഭിക്കില്ല.

11. എഗ്രിമെന്റിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ചാർജ്ജ് കരാറുകാരൻ വഹിക്കേണ്ടതാണ്.

12. ബോർഡുകൾ ഏതുസമയവും ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശപ്രകാരം മാറ്റിക്കൊടുക്കേണ്ടതാണ്.

13. ആകെ 30% ഭാഗത്തുമാത്രമേ പരസ്യം കൊടുക്കുവാൻ അനുവാദമുള്ളൂ.

14. ഐ.ആർ.സി. അനുസരിച്ചുള്ള നിബന്ധനകൾക്ക് ഉള്ളിൽനിന്നു മാത്രമേ ബോർഡുകൾ നിർമ്മിക്കാവൂ.

15. 60 മീറ്റർ മുതൽ 100 മീറ്റർ വരെ ജംഗ്ഷനുകളിൽനിന്നും മാറി മാത്രമേ ബോർഡുകൾ നിർമ്മിക്കാവൂ.

LIBRARY ARCHIVES Kerala Legislative Assembly